**LSS EXAMINATION 2018**
**MODEL QUESTION PAPER**
**PAPER 1(PART-A) MALAYALAM**

**SET#5**

**I]ഉത്തരം കണ്ടെത്തുക?** (സ്കോർ **10x1)**

1) രത്നാഭരണങ്ങൾ- പിരിച്ചെഴുതിയാൽ ?

2) കഥകളിയിൽ പ്രത്യേകിച്ച് അഭിനയങ്ങളൊന്നുമില്ലാത്ത വേഷം?

എ) പച്ച വേഷം , ബി) മിനുക്ക് വേഷം ,
സി) കത്തി വേഷം , ഡി )പുറപ്പാടിലെ വേഷം

3) ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽത്തന്നെ - ഈ പഴഞ്ചൊല്ല് സൂചിപ്പിക്കുന്നത് ?

എ) ദാരിദ്ര്യം ബി) സ്നേഹം
സി) ഓണം ഡി ) ദയ

4) അക്ഷരം എന്ന വാക്കിനർഥം?

5) 'ആനക്കാരൻ അപ്പുണ്ണി' ആരുടെ കൃതിയാണ്?

6) ശരിയായ പദം തിരഞ്ഞെടുത്ത് എഴുതുക?

എ) ആത്മാർഥത ബി)വിധ്യാർഥി
സി) ഉൽഘാടനം ഡി )ഖടികാരം

7) തുമ്പപ്പൂവിലും തൂമയെഴും നിലാ
വമ്പിൽത്തൂവിക്കൊണ്ടാകാശ വീഥിയിൽ
അമ്പിളി പൊങ്ങി നിൽക്കുന്നിതാ മര-
ക്കൊമ്പിന്മേൽ നിന്നു കോലോളം ദൂരത്തിൽ .....ആരുടെ വരികൾ ?

എ) വള്ളത്തോൾ ബി) ഉള്ളൂർ
സി) കുമാരനാശാൻ ഡി ) പന്തളം കേരളവർമ്മ

8)സമാനാർഥം എഴുതുക? ആകാശം

എ) വർഷം ബി) അംബരം
സി) ഊഴി ഡി )പയസ്സ്

9) ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന കവി?

10) നിരക്ഷരൻ എന്ന വാക്കിന്റെ വിപരീതപദം?

**II]** രണ്ടു കവിതകളും വായിക്കൂ..

മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതകകാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നുമിന്നി
കറയറ്റൊരാലസൽ ഗ്രാമഭംഗി

പുളകം പോൽ കുന്നിൻ പുറത്തു വീണ
പുതുമൂടൽ മഞ്ഞല പുൽകി നീക്കി
പുലരൊളി മാമല ശ്രേണികൾ തൻ
പുറകിലായ് വന്നുനിന്നെത്തിനോക്കി

എവിടെത്തിരിഞ്ഞൊന്നുനോക്കിയാലേ
ന്തവിടെല്ലാം പൂത്തമരങ്ങൾ മാത്രം
ഒരു കൊച്ചു കാറ്റെങ്ങാൻ വന്നുപോയാൽ
തുരുതുരെപ്പൂമഴയായി പിന്നെ

തളിരും മലരും തരുപ്പടർപ്പും
തണലും തണുവണിപ്പുൽപ്പരപ്പും
കളകളമെയ്തു പെയ്തങ്ങുമിങ്ങു
മിളകിപ്പറക്കുന്നപ്പക്ഷികളും

ഒരുനല്ല ചിത്രം വരച്ചപോലെ
വരിവരി നിൽക്കുന്ന കുന്നുകളും
പരശതസസ്യവിതാനിതമാം
പല പല താഴ്വരത്തോപ്പുകളും

പവിഴക്കതിർക്കുലച്ചാർത്തണിഞ്ഞ
പരിപെഴും നെൽപാട വീഥികളും
ഇടയന്റെ പാട്ടിലലിഞ്ഞൊഴുകും
തടിനിയും താമരപ്പൊയ്കളും

ഇവയെല്ലാമാവെറുംഗ്രാമരംഗം
ഭുവനൈകസ്വർഗ്ഗമായി തീർത്തിരുന്നു.

**(മലനാട്                    ചങ്ങമ്പുഴ)**

ഇനി വരുന്ന തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ?
മലിനമായ ജലാശയം
അതിമലിനമായൊരു ഭൂമിയും

തണലുകിട്ടാൻ തപസ്സിലാണി
ന്നിവിടെയോരോ മലകളും
ദാഹനീരിനുനാവു നീട്ടി
വലഞ്ഞു പുഴകൾ സർവ്വവും

കാറ്റുപോലും വീർപ്പടക്കി
കാത്തുനിൽക്കും നാളുകൾ
ഇവിടെയെന്നെൻ പിറവിയെന്നായ്
വിത്തുകൾ തൻ മന്ത്രണം

ഇലകൾ മൂളിയ മർമ്മരം
കിളികൾ പാടിയ പാട്ടുകൾ
ഒക്കെയിന്നുനിലച്ചു ,കേൾപ്പതു
പൃഥ്വി തന്നുടെ നിലവിളി

നിറങ്ങൾ മാറിയ ഭൂതലം
വസന്തമിന്നു വരാത്തിടം
നാളെ നമ്മുടെ ഭൂമിയോ
മഞ്ഞ് മൂടിയ പാഴ്നിലം

സ്വാർഥചിന്തകളുള്ളിലേറ്റി
സുഖങ്ങളെല്ലാം കവരുവോർ
ചുട്ടെരിച്ചു കളഞ്ഞുവോ
ഭൂമി തന്നുടെ നൻമകൾ

1) രണ്ടു കവിതകളും വായിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുക?

2) ഇടയന്റെ പാട്ടിലലിഞ്ഞൊഴുകുന്നത് എന്തെല്ലാമാണ്?

3) ‘ നിറങ്ങൾ മാറിയ ഭൂതലം
വസന്തമിന്നു വരാത്തിടം..’

ഈ വരികളിലൂടെ കവി ഉദ്ദേശിക്കുന്നതെന്താണ്?

**III]**

യാത്ര ഇഷ്ടമാണ്. ആരും പോകാത്ത വഴികളിലൂടെ വെറുതെ നടക്കുക. അത് രസകരമാണ്. ഉന്മേഷം തരുന്നതുമാണ്. തളർച്ച തോന്നാത്ത ഒരലച്ചിൽ.

പക്ഷേ, ഏറെയൊന്നും യാത്രചെയ്യാൻ പറ്റിയിട്ടില്ല. കുറച്ചു കുറച്ചു നാട്ടുകൾ... കുറച്ചു കുറച്ചു ദൂരങ്ങൾ...

കാണാത്ത ദേശങ്ങൾ കാണാൻ പറ്റാത്തതിലെ ദുഃഖം തീർക്കാൻ യാത്രാനുഭവങ്ങൾ വായിക്കണം. അത് ഇഷ്ടമാവുന്ന കാര്യമാണ്. സഞ്ചാരസാഹിത്യം എന്നാണതിന്റെ പേര്. യാത്രാവിവരണം എന്നും പറയും. മലയാളിയുടെ പ്രിയപ്പെട്ട യാത്ര യെഴുത്തുകാരൻ എസ്.കെ.പൊറ്റെക്കാട്ടാണ്. ലോകത്ത് അധികം യാത്രാസൗകര്യങ്ങളോ, അതിനു സഹായിക്കുന്ന സംവിധാനങ്ങളോ ഇല്ലാത്ത കാലത്താണ് അദ്ദേഹം ആഫ്രിക്കയിലും മറ്റും പോയത്. പോയതിനെക്കുറിച്ചെല്ലാം അദ്ദേഹം എഴുതി.

ഞാൻ രാവിലെ ഉണർന്നു. പല്ലുതേച്ചു. പ്രഭാതകർമങ്ങൾ ചെയ്തു. 8 മണിക്ക് പുറത്തിറങ്ങി. 8.15ന് ബസ് കിട്ടി. 9 മണിക്ക് കോലാലംപൂർ ബസ്സ്റ്റാന്റിലിറങ്ങി... ഇങ്ങനെയൊന്നും അദ്ദേഹം എഴുതിയിട്ടില്ല. മറിച്ച് ഓരോ യാത്രയും വ്യക്തിപരമായി അദ്ദേഹത്തിനു നൽകിയ ആനന്ദം; തടസ്സങ്ങൾ; അതിനെ നീക്കിയത്, അസാധാരണ സഹായം ലഭിച്ചതിന്റെ വിസ്മയം... കാണുന്നതിന്റെ മനോഹാരിത... ഓരോ കാഴ്ചയും മനസ്സിലുണർത്തുന്ന ചിന്തകൾ... സ്വന്തം അനുഭവവുമായി അതിനെ ചേർത്തുപിടിക്കൽ... വിചിത്രമായ കാര്യങ്ങൾ ഉണ്ടാക്കുന്ന വിഭ്രാന്തി, മണ്ടത്തരങ്ങൾ... അതൊക്കെ എസ്.കെ.കൃതികളിൽ എമ്പാടുമുണ്ട്. എസ്.കെ അതനുഭവിച്ച രീതിയിൽ നമ്മളോട് പറയുന്നു. അദ്ദേഹം വെറുതെ നാടു കണ്ടുപോരില്ല. ചെന്ന നാട്ടിലെ മനുഷ്യരെ കാണും. അവരുമായി വർത്തമാനം പറയും. അവരുടെ ചരിത്രമറിയും സംസ്കാരമറിയും ജീവിതരീതി അറിയും. മനസ്സിന്റെ ഉള്ള് കണ്ട് നമുക്കത് കാണിച്ചുതരും... ആഹാ! നമ്മൾ അനുഭവിക്കുംപോലെ തോന്നും. അതാണ് യാത്രാവിവരണത്തിന്റെ മേന്മ. വായനക്കാരെ ഒപ്പം കൂട്ടണം. കൂട്ടിയാൽ മാത്രം പോരാ; നമ്മൾ കാണുന്ന കാഴ്ചകൾ നമ്മൾ കാണുംപോലെ, നമ്മളെ സ്വാധീനിച്ച രീതിയിൽ പറയണം.

ഓരോ യാത്രയും ഓരോ അനുഭവമാണ്.
ഓരോ അറിവാണ്.
ഓരോരോ പുതുമകളാണ്.
വിനോദത്തിനായി പോയാലും, സാധനങ്ങൾ വാങ്ങാൻ പോയാലും അതങ്ങനെയാണ്.
നമ്മളറിയുന്നതാണത്. ഗൈഡ് പറഞ്ഞുതരുന്നതല്ല. അതുകൊണ്ടാണ് യാത്ര പോകുന്നവർ കുറിപ്പെഴുതണം; ചിത്രം വരയ്ക്കണം എന്നൊക്കെ പറയുന്നത്. എസ്.കെ.പൊറ്റെക്കാടിന്റെ യാത്രാക്കുറിപ്പുകൾ വിരിഞ്ഞത് അദ്ദേഹം എഴുതിയ ഡയറിക്കുറിപ്പിൽ നിന്നാണ്. നോട്ടുബുക്കുകളായിരുന്നു, ആ ഡയറികൾ. ലണ്ടനിൽ പോയതിനെക്കുറിച്ച് അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പേര് 'ലണ്ടൻ നോട്ടുബുക്ക്' എന്നാണ്.
യാത്രയിലെ ഏതെങ്കിലും ഒരു കാഴ്ച, ഒരു വ്യക്തി, അല്ലെങ്കിൽ ഒരു നിമിഷം... ഇതുമതി ഒരു യാത്രാവിവരണത്തിന്. യാത്ര ചെയ്ത വഴികളുടെ, സ്ഥലങ്ങളുടെ റിപ്പോർട്ടിങ്ങല്ല, യാത്രാവിവരണം എന്നർത്ഥം. അത് ലളിതമായി, മികച്ച ആവിഷ്ക്കാരഭംഗിയിൽ മനസ്സിൽ നിന്നുർന്നുവീഴുന്ന സർഗാത്മക രചനയാണ്.

1) 'ലണ്ടൻ നോട്ട്ബുക്ക്' എന്ന പുസ്തകം ഏത് സാഹിത്യശാഖയിൽ ഉൾപ്പെടുന്നു?
2) നിങ്ങൾ നടത്തിയ ഏതെങ്കിലും യാത്രയുടെ ഒരു വിവരണം തയ്യാറാക്കുക?

Teachers Unity for Nurturing Education
PATTAMBI

**LSS EXAMINATION 2018**
**MODEL QUESTION PAPER**
**PAPER 1(PART-A) ENGLISH**

**SET#5**

1.Use the suitable collective noun: Score:1

The soldiers are using weapons to attack ............

a.crowd b.enemies c.people d.batch

2.Can you write the name of the bird from the given clues?

| |
|---|
| Big bird |
| Can't fly |
| Lays big egg |
| Long leg |

3.Write a letter to the class teacher asking him for leave of absence due to illness

To, Place:

................................ Date:

.................................

.................................................................................................
.................................................................................................
.................................................................................................
.................................................................................................
.................................................................................................

4. What is the opposite word of 'name'

a)disname b)Unname

c)Misname d)None (Score:1)

5. Choose the correct punctuation the end of the sentence:

What a terrible loss ...............

a)? b) -

c) " " d) !

6.anna & fat boy saw a poster near the stream. Score :3

| |
|---|
| MAGIC SHOW<br>BY<br>Magician Muthukad<br>Venue:Sithara Auditorium,pattambi<br>On:23/12/2017<br>At:7:00 PM<br>Ticket@ Rs:50 per head<br>ALL ARE WELCOME |

Both of them tried to announce the programme ,please help them by preparing an announcement based on the poster

TUNE
Teachers Unity for Nurturing Education
PATTAMBI

# LSS EXAMINATION 2018
# MODEL QUESTION PAPER
## PAPER 1(PART-C) GK

**SET#5**

1) കരിപ്പൂർ വിമാനത്താവളം ഏത് ജില്ലയിലാണ്?

എ) കണ്ണൂർ | ബി)പാലക്കാട്
സി) കോഴിക്കോട് | ഡി )മലപ്പുറം

2) സന്തോഷ് ട്രോഫി മത്സരം ഏത് കായിക ഇനവുമായി ബന്ധപ്പെട്ടതാണ്?

എ) ക്രിക്കറ്റ് | ബി) കബഡി
സി) ബാഡ്മിന്റൺ | ഡി )ഫുട്ബോൾ

3) ഇന്ത്യൻ പ്രസിഡന്റ് ആകാത്ത വ്യക്തി ?

എ) കെ.ആർ നാരായണൻ | ബി) പ്രതിഭാപാട്ടീൽ
സി) എ.പി.ജെ അബ്ദുൾ കലാം | ഡി )വെങ്കയ്യനായിഡു

4) ആരുടെ ജന്മദിനമാണ് ഇന്ത്യയിൽ ദേശീയ യുവജനദിനമായി ആചരിക്കുന്നത് ?

എ) മലാല യൂസഫ് സായ് | ബി)സചിൻ ടെൻഡുൽക്കർ
സി) വിവേകാനന്ദൻ | ഡി ) ഭഗത്സിംഗ്

5) 'അഗ്നിച്ചിറകുകൾ' ആരുടെ ആത്മകഥയാണ്?

എ) നെഹ്റു | ബി) അംബേദ്കർ
സി) എ.പി.ജെ അബ്ദുൾ കലാം | ഡി )മൗലാന അബ്ദുൾ കലാം ആസാദ്

6) ജ്ഞാനപീഠം ലഭിക്കാത്ത സാഹിത്യകാരൻ ?

എ) ഒ.എൻ.വി കുറുപ്പ് | ബി)തകഴി
സി) ജി.ശങ്കരക്കുറുപ്പ് | ഡി ) വള്ളത്തോൾ

11) ദേശീയ പൈതൃക മൃഗം?

എ) കടുവ | ബി)സിംഹം
സി) ആന | ഡി )കുതിര

8) കേരളത്തിന്റെ നിശ്ശബ്ദതാഴ്വര എന്നറിയപ്പെടുന്നത് ?

എ) ആനമുടി | ബി) പൊൻമുടി
സി) സൈലന്റ് വാലി | ഡി ) ആതിരപ്പള്ളി

9) ഇന്ത്യൻ കറൻസിനോട്ടുകളിൽ ഒപ്പിട്ടിരിക്കുന്നത് ആരാണ്?

എ) റിസർവ് ബാങ്ക് സെക്രട്ടറി | ബി)റിസർവ് ബാങ്ക് ഗവർണർ
സി) പ്രധാനമന്ത്രി | ഡി )ധനകാര്യമന്ത്രി

10 )കേരളനിയമസഭയുടെ ഇപ്പോഴത്തെ സ്പീക്കർ ?

എ) ശ്രീരാമകൃഷ്ണൻ | ബി)പിണറായി വിജയൻ
സി) സുമിത്രാ മഹാജൻ | ഡി )എ.കെ ബാലൻ

# LSS EXAMINATION 2018
# MODEL QUESTION PAPER
## PAPER 2(PART-A) EVS

**SET#5**

**I]ഉത്തരം എഴുതുക?** **(score10x1 )**

1) മരത്തിനു മുകളിൽ നിന്നും വീണ് പരിക്ക് പറ്റിയ ഒരാൾക്ക് കൊടുക്കാവുന്ന പ്രഥമ ശുശ്രൂഷ?
   എ) കിട്ടിയ വാഹനത്തിൽ ഉടൻ ആശുപത്രിയിൽ എത്തിക്ക
   ബി)പരിക്ക് പറ്റിയ ഭാഗത്ത് ഐസ് പാക്ക് വക്കുക
   സി) സ്ട്രക്ച്ചർ കൊണ്ടുവന്ന് രോഗിയെ അതിൽ കിടത്തി ആശുപത്രിയിൽ എത്തിക്കുക
   ഡി )പരിക്ക് പറ്റിയ ഭാഗം തടവിക്കൊടുക്കുക
2) നമ്മുടെ ദേശീയ ചിഹ്നത്തിൽ സത്യമേവ ജയതേ എന്ന് രേഖപ്പെടുത്തിയ ഭാഷ?
   എ) സംസ്കൃതം ബി) തമിഴ്
   സി) ഹിന്ദി ഡി )ദേവനാഗിരി
3) ഭൂപടത്തിൽ കൊടുത്തിരിക്കുന്ന ഒരു ചിഹ്നമാണിത്.എന്തിനെ സൂചിപ്പിക്കുന്നു?



   എ) ജില്ലാ ആസ്ഥാനം ബി) തലസ്ഥാനം
   സി) വിനോദസഞ്ചാരകേന്ദ്രം ഡി )വിമാനത്താവളം
4) വയനാട് ജില്ലയുടെ ആസ്ഥാനം?
   എ) വയനാട് ബി) പൈനാവ്
   സി) കൽപറ്റ ഡി )എടയ്ക്കൽ
5) ഭാഷാടിസ്ഥാനത്തിൽ ആദ്യം രൂപം കൊണ്ട സംസ്ഥാനം ?
   എ) തമിഴ്നാട് ബി) ആന്ധ്രപ്രദേശ്
   സി) ഗുജറാത്ത് ഡി )തെലുങ്കാന
6) ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രം ?
   എ) ചന്ദ്രൻ ബി) ബുധൻ
   സി) വ്യാഴം ഡി )സൂര്യൻ
7) കർണാടകവും തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന ജില്ല?
   എ) വയനാട് ബി) കണ്ണൂർ
   സി) കാസർഗോഡ് ഡി )കോഴിക്കോട്
8) താഴെക്കാണുന്നവയിൽ ജൈവ വളമായി ഉപയോഗിക്കുന്നത് ?
   എ) താമര ബി)പായൽ
   സി) ആമ്പൽ ഡി )അസോള
9) കഥക് ഏത് സംസ്ഥാനത്തെ നൃത്തരൂപമാണ്?
   എ) ജമ്മു കാശ്മീർ ബി) ഹരിയാന
   സി) ഉത്തർപ്രദേശ് ഡി )ആസ്സാം
10) തവള ഇര പിടിക്കുന്നതിന് ഉപയോഗിക്കുന്ന അവയവം ?
   എ)പല്ല് ബി)നാക്ക്
   സി) ത്വക്ക് ഡി )കാലുകൾ

അനു അവധിയ്ക്ക് നടത്തിയ യാത്രയെക്കുറിച്ചുള്ള കുറിപ്പ് പൂർണമാക്കൂ...

| സംസ്ഥാനം | തലസ്ഥാനം | ഭാഷ | കല/സംസ്കാരം/ | മറ്റു പ്രത്യേകതകൾ |
|---|---|---|---|---|
| | ഗാന്ധിനഗർ | | | ഗാന്ധിജിയുടെ ജന്മസ്ഥലം ഇവിടെയാണ് |
| | | | | മൂന്ന് കടലുകൾ സംഗമിക്കുന്ന കന്യാകുമാരി ഇവിടെയാണ് |
| | | ബംഗാളി | ദുർഗ്ഗാപൂജ | |
| | ജയ്പൂർ | | | |
| | | മറാഠി | തമാഷ കലാരൂപം | |

2)ജാലിയൻ വാലാബാഗ് സംഭവത്തെത്തുടർന്ന് ഗാന്ധിജി ആഹ്വാനം ചെയ്ത സമരത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക?

3)കേരളത്തിലെ രണ്ട് സ്വാതന്ത്ര്യസമരസേനാനികളുടെ പേരെഴുതുക?

**LSS EXAMINATION 2018**
**MODEL QUESTION PAPER**
**PAPER 2(PART-B) MATHS**

**SET#5**

**I]ഉത്തരം എഴുതുക?** **(score10x1 )**

1) 160 നെ ഏത് സംഖ്യ കൊണ്ട് ഹരിച്ചാൽ ശിഷ്ടം പൂജ്യമാവില്ല

എ) 7, ബി) 5,
സി) 2, ഡി)

2) 14 രൂപയുടെ പെൻസിലും 26 രൂപയുടെ പുസ്തകവും 60 രൂപയുടെ ബോക്സും 19എണ്ണം വീതം വാങ്ങിയാൽ എത്ര രൂപ കൊടുക്കണം?

എ) 2565, ബി.1900,
സി) 1870, ഡി) 2000

3) ഒരു വശത്തിന്റെ നീളം 50 മീറ്ററായ സമചതുരാകൃതിയിലുള്ള ഒരു കളി സ്ഥലത്തിനു ചുറ്റും എത്ര പ്രാവശ്യം നടന്നാൽ 1 കിലോ മീറ്റർ ആകും?

എ) 4 ബി.)3
സി )5 ഡി.)10

4) ഒരു ക്യാംപ് മാർച്ച് 20നു തുടങ്ങി ഏപ്രിൽ 25 നു അവസാനിച്ചാൽ ക്യാംപ് എത്ര ദിവസം ഉണ്ടായിരിക്കും

എ). 30, ബി.)35,
സി )37, ഡി) 32

5)1,1,2,3,5,8 അടുത്ത സംഖ്യ ഏത്?

എ)12, ബി)13,
സി) 9, ഡി.)14

6) ഒരു കലണ്ടറിൽ മൂന്ന് ആഴ്ചകളിലെ ചില തിയ്യതികളാണ് പട്ടികയിൽ കൊടുത്തിരിക്കുന്നത് ഇതിലെ അക്കങ്ങളുടെ തുക കണ്ടെത്തുക

| | | |
|---|---|---|
| 12 | 13 | 14 |
| 19 | 20 | 21 |
| 26 | 27 | 28 |

എ) 188 ബി)180
സി )174 ഡി).190

7) ഒരു ഡൈസിലെ ആകെ കുത്തുകളുടെ എണ്ണം എത്രയാണ്?

എ) 20 ബി) 21
സി )25 ഡി).27

8) ഒരു ടീസ്പൂൺ ............. മില്ലീ ലിറ്റർ ആണ്?

എ) 2 ബി)5
സി) 10 ഡി)12

9) 3 നൂറുകളും 9 ആയിരങ്ങളും 7 പത്തുകളും ചേർന്ന സംഖ്യ ഏത്?

എ) 9037, ബി)9307


സി) 9370, ഡി)9073)

10) ഒരു ഷഡ്ഭുജത്തെ വശങ്ങൾ തുല്യമായ എത്ര ത്രികോണങ്ങളായി ഭാഗിക്കാം?

എ) 6, ബി)5,

സി) 4, ഡി) 3

രാമു കണ്ടൽ കാടുകൾ വെച്ചു പിടിപ്പിക്കാൻ തീരുമാനിച്ചു. ഇതിന് ചെലവാകുന്ന ആകെ തുകയുടെ പകുതി ജില്ലാ പഞ്ചായത്തിൽ നിന്നും അവർക്ക് ലഭിക്കും. ബാക്കി തുക കണ്ടെത്തുന്നതിനാണ് 10 രൂപ വിലയുള്ള കൂപ്പണുകൾ അച്ചടിക്കാൻ തീരുമാനിച്ചത്. കൂപ്പണുകൾ അച്ചടിക്കാൻ 850 രൂപയും നോട്ടീസിന് 350 രൂപയും ചെലവാകും .പഞ്ചായത്തിന് 4 കി. മീ ഉം 500 മീറ്ററും കായൽ തീരമുണ്ട്. 3 മീറ്റർ ഇടവിട്ട് ചെടികൾ നടണം. ഒരു നിലയിൽ 4 ചെടികൾ വീതമാണ് നടേണ്ടത്. ഒരു ചെടിയുടെ വില 3 രൂപയും അതിന്റെ സംരക്ഷണ ചെലവ് 12 രൂപയും വരും .ബാക്കി എത്ര രൂപ കൂടി ഉണ്ടാക്കാൻ കൂപ്പണുകൾ അച്ചടിക്കേണ്ടി വരും?

| | | | |
|---|---|---|---|
| സ്കൂളിലേക്ക്പുറപ്പെട്ടു |  | ഉറക്കം എഴുന്നേറ്റു |  |
| ഉച്ചയൂണ് കഴിച്ചു |  | പ്രഭാത ഭക്ഷണം കഴിച്ചു |  |
| രാവിലെ ക്ലാസ് ആരംഭിച്ചു |  | ഉച്ചക്ക് ശേഷം ക്ലാസ് ആരംഭിച്ചു |  |

ഫിദ 4   ാം ക്ലാസിൽ പഠിക്കുന്ന കുട്ടിയാണ് അവളുടെ   ഒരു ദിവസത്തെ പ്രവർത്തനങ്ങൾ സമയം സൂചിപ്പിക്കുന്ന ക്ലോക്കുകൾ സഹിതം   താഴെ കൊടുക്കുന്നു.

സംഭവങ്ങൾ ക്രമത്തിലാക്കുക?

1 അവയുടെ നേരെ ശരിയായ സമയം സൂചിപ്പിക്കുന്ന ക്ലോക്ക് വരയ്ക്കുക?
2 പ്രഭാത ഭക്ഷണത്തിനും ഉച്ച ഭക്ഷണത്തിനുമിടക്ക് എത്ര സമയം ഉണ്ട്?
3 ഉറക്കമുണർന്നതിനും സ്കൂളിലേക്ക് പുറപ്പെട്ടതിനുമിടക്ക് എത്ര സമയം ഉണ്ട്?
4 രാവിലെ ക്ലാസ് ആരംഭിച്ചതും ഉച്ചക്ക് ക്ലാസ് ആരംഭിച്ചതും       എപ്പോൾ?